# മഹാത്മാഗാന്ധിസർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജൂലൈ 7

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ എം.എസ് സി. (2019 അഡ്മിഷൻ - റഗുലർ) - സ്റ്റാറ്റിസ്റ്റിക്കൽ ഡേറ്റ മാനേജ്മെന്റ് യൂസിംഗ് പൈതൺ, അഡ്വാൻസ്ഡ് ആർ ആന്റ് എസ്പിഎസ്എസ് എന്ന പേപ്പറിന്റെ പരീക്ഷ ജൂലൈ 13ന് രാവിലെ 9.30 മുതൽ 12.30 വരെ നടക്കും.

(പി.ആർ.ഒ/39/605/2021)

## പരീക്ഷ ഫലം

2020 ജനുവരിയിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, എം.എ. ആന്ത്രോപോളജി (സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/606/2021)

2020 മാർച്ചിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് (എം.എച്ച്.ആർ.എം. - 2019 അഡ്മിഷൻ - റഗുലർ/2019ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 22 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/607/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ് സി. ക്ലിനിക്കൽ ന്യൂട്രീഷൻ ആന്റ് ഡയറ്ററ്റിക്സ് (റഗുലർ) പി.ജി.സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 21 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/608/2021)

## പെൻഷൻകാർ വിവരം നൽകണം

മഹാത്മാഗാന്ധി സർവകലാശാലയിലെ പെൻഷണർമാരുടെ 2021-22 സാമ്പത്തികവർഷത്തെ ആദായനികുതി കണക്കാക്കുന്നതിനുള്ള ആന്റിസിപ്പേറ്ററി ഇൻകംടാക്സ് സ്റ്റേറ്റ്മെന്റ് ഫോറം www.mgu.ac.in എന്ന വെബ് സൈറ്റിലെ 'സർക്കുലർസ്' എന്ന ലിങ്കിലും പെൻഷൻ പോർട്ടലിലും ലഭിക്കും. ഫോറം ഡൗൺലോഡ് ചെയ്ത് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തി നടപ്പുവർഷത്തെ സേവിങ്സ് സംബന്ധമായ ഏകദേശ കണക്കുകൾ (സേവിങ്സിന്റെ ഒറിജിനൽ രസീത് 2022 ഫെബ്രുവരി 10നകം സമർപ്പിക്കണം) രേഖകളുടെ പകർപ്പ് സഹിതം രജിസ്ട്രാർ, മഹാത്മഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിലോ ada8@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലോ 2021 ഓഗസ്റ്റ് 15ന് മുമ്പായി അയയ്ക്കണം. ഇമെയിൽ മുഖാന്തരം സമർപ്പിക്കുന്നവർ ആയതിന്റെ ഹാർഡ്കോപ്പി നിർബന്ധമായും അയച്ചുതരണം.

(പി.ആർ.ഒ/39/609/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക്റിലേഷൻസ് ഓഫീസർ